(എഫ്) വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിനാവശ്യമായ മൊത്തം ചെലവിന്റെ 20% ആണ് സംസ്ഥാന സർക്കാർ നൽകുന്നത്.

(ജി) ഇപ്പോൾ സംസ്ഥാനത്ത് വികലാംഗർക്കായി പ്രവർത്തിച്ചുവരുന്ന ആറ് പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ തന്നെയാണ്.

(എച്ച്) ഇത്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിന് 2001-02 വരെ മൊത്തം ചെലവിന്റെ 80% കേന്ദ്ര വിഹിതമായി ലഭിച്ചിരുന്നു. 2001-02-ന് ശേഷം കേന്ദ്ര സഹായം ലഭിക്കുന്നില്ലെന്നതിനാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് മേൽപ്പറഞ്ഞ 6 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ജനറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമായി പ്രത്യേകം കൗണ്ടറുകളായി നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

തിരുവനന്തപുരം വികലാംഗ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം

83 [3488] പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വികലാംഗ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം (പി. ആർ. സി.) വികലാംഗർക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വികലാംഗ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം (പി. ആർ. സി.) പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വാടക നൽകുന്നത് സംസ്ഥാന സർക്കാരാണോ;

(സി) എങ്കിൽ പ്രതിമാസം എത്ര രൂപ വാടകയിനത്തിൽ ചെലവാക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാരത സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ 1978-ൽ തിരുവനന്തപുരം നാലാഞ്ചിറയിൽ പ്രവർത്തനമാരംഭിച്ച വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്റർ ഫോർ ഹാൻഡിക്യാപ്ഡ് എന്ന സ്ഥാപനം സംസ്ഥാനത്ത് വിവിധ തരത്തിലുള്ള വൈകല്യമുള്ളവരെ തൊഴിൽ എടുക്കുവാൻ പ്രാപ്തരാക്കി തൊഴിൽ സാദ്ധ്യതയ്ക്കുവേണ്ട സഹായം ചെയ്തുവരുന്നു. ശാരീരികമായി അംഗവൈകല്യമുള്ളവർ, കാഴ്ച ശക്തിയില്ലാത്തവർ, കേൾവിക്കുറവുള്ളവർ, ബുദ്ധിമാന്ദ്യമുള്ളവർ, കുഷ്ഠരോഗം വന്ന് സുഖപ്പെട്ടവർ എന്നീ വിഭാഗത്തിന് പതിമൂന്ന് തൊഴിലുകളിലായി പരിശീലനം നൽകിവരുന്ന സംസ്ഥാനത്തെ ഏക സ്ഥാപനമാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതെ.

(സി) ടി സ്ഥാപനവും ട്രെയിനിംഗ് സെന്ററും ഹോസ്റ്റലുകളും പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകയിനത്തിൽ പ്രതിമാസം 23132 രൂപ (ഇരുപത്തിമൂവായിരത്തി ഒരുനൂറ്റി മുപ്പത്തിരണ്ട് രൂപ) ചെലവാക്കുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗർ

84 [3489] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വികലാംഗർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നും അത് ഏതെല്ലാം തസ്തികയിലേക്കാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 43081 വികലാംഗർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	6758
കൊല്ലം	..	4907
ആലപ്പുഴ	..	2926
പത്തനംതിട്ട	..	1547
കോട്ടയം	..	2673
ഇടുക്കി	..	1144
എറണാകുളം	..	4046
തൃശ്ശൂർ	..	3085
പാലക്കാട്	..	4005
മലപ്പുറം	..	3615
കോഴിക്കോട്	..	3123
വയനാട്	..	825
കണ്ണൂർ	..	2487
കാസർഗോഡ്	..	1340

LIBRARY ARCHIVES Kerala Legislative Assembly